# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6280 | 03.04.2018-ൽ മറുപടിക്ക്

## വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | എ) | വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. ചില ദുർഘട പ്രദേശങ്ങളിൽ സർവ്വെ നടപടികൾ യഥാസമയം പൂർത്തിയാക്കാൻ ചില പ്രായോഗിക വിഷമങ്ങൾ ഒഴിച്ചു നിർത്തിയാൽ നല്ല പുരോഗതി ഇക്കാര്യത്തിൽ നേടാൻ കഴിഞ്ഞിട്ടുണ്ട്. സർവ്വെ പൂർത്തീകരിച്ച് ജില്ലാതല സമിതി പാസാക്കിയ 25906 അപേക്ഷകളിൽ 25709 ROR കൾ വിതരണം ചെയ്തു. ഒട്ടാകെ 33829.71 ഏക്കർ സ്ഥലം ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | പത്തനംതിട്ട ജില്ലയിലെ ചാലക്കയം-മൂഴിയാർ വനമേഖലയിലെ മലമ്പണ്ടാരം സമുദായത്തിൽപ്പെട്ടവരുടെ കോളനി, തൃശ്ശൂർ ജില്ലയിലെ ഒളക്കര കോളനി, പാലക്കാട് ജില്ലയിലെ കടപ്പാറ കോളനി എന്നിവിടങ്ങളിൽ വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് കഴിഞ്ഞി ട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | ബി) | പത്തനംതിട്ട ജില്ലയിലെ ചാലക്കയം, മൂഴിയാർ മേഖലയിലെ മലമ്പണ്ടാര സമുദായത്തിൽപ്പെട്ടവർക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>തൃശ്ശൂർ ജില്ലയിലെ ഒളകര കോളനിയിലെ 40 കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം അർഹമായ ഭൂമി ടി കോളനിയിൽ ഇല്ല. ലഭ്യമായ ഭൂമി സർവ്വെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും പരമാവധി ഭൂമി ലഭ്യമാകണമെന്ന് ടി കുടുംബങ്ങൾ ആവശ്യപ്പെട്ടതിനെ തുടർന്ന് സർവ്വെ നടപടികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ലഭ്യമായ ഭൂമി നൽകുന്നതിനും, അധികമായി വേണ്ട ഭൂമി പുറമെ നിന്നും കണ്ടെത്തി നൽകുന്നതിനുമാണ് തീരുമാനി |

| | | | |
|---|---|---|---|
| | | | ച്ചിട്ടിട്ടുള്ളത്. അതിൻപ്രകാരമുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>പാലക്കാട് ജില്ലയിലെ കടപ്പാറയിൽ 22 പട്ടികവർഗ്ഗ കുടുംബങ്ങളും വനത്തിനുള്ളിൽ കഴിയുന്നവരല്ല. വനത്തിനുള്ളിൽ കഴിയുന്നവർക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനും ബാക്കിയുള്ളവർക്ക് നിക്ഷിപ്ത വനഭൂമി നൽകുന്ന തിനുമാണ് തീരുമാനിച്ചിട്ടുള്ളത്. ആയത് പ്രകാരം വനഭൂമി സർവ്വെ നടത്തി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹതയുള്ള എല്ലാവർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സി) | ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹതയുള്ള എല്ലാവർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഭൂമി ലഭ്യമാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, വനം വകുപ്പ്, റവന്യൂ വകുപ്പ് എന്നീ വകുപ്പുകൾ സംയുക്തമായി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ